# Indian assistance to Mauritius to deal with the environmental crisis due to oil spill

August 16, 2020

# എണ്ണ ചോർച്ചയെത്തുടർന്ന് പാരിസ്ഥിതിക പ്രതിസന്ധി നേരിടാൻ മൗറീഷ്യസിന് ഇന്ത്യൻ സഹായം

ഓഗസ്റ്റ് 16, 2020

തെക്കു കിഴക്കൻ തീരത്ത് എന്ന ചോർച്ച മൂലമുള്ള പാരിസ്ഥിതിക പ്രതിസന്ധിയെത്തുടർന്ന്, മൗറീഷ്യസ് സർക്കാരിന്റെ (GoM) അഭ്യർത്ഥന മാനിച്ച്, സഹായിക്കുന്നതിനായി ഇന്ത്യൻ സർക്കാർ 30 ടണ്ണുകൾ സാങ്കേതിക ഉപകരണങ്ങളും വസ്തുക്കളും IAF എയർക്രാഫ്റ്റിൽ എന്ന ചോർച്ച തടയുന്നതിനും രക്ഷാപ്രവർത്തനങ്ങൾക്കുമായി മൗറീഷ്യസിലേക്ക് എത്തിച്ചിരുന്നു.

പ്രത്യേകമായ ഉപകരണത്തിൽ ഓഷ്യൻ ബൂംസ്, റിവർ ബൂംസ്, ഡിസ്ക് സ്കിമ്മറുകൾ, ഹെലി സ്കിമ്മറുകൾ, പവർ പായ്ക്കുകൾ, ബ്ലോവേഴ്സ്, സാൽവേജ് ബാർജ്, ഓയിൽ ആഗിരണം ചെയ്യുന്ന ഗ്രാഫിൻ പാഡുകൾ, മറ്റ് ആക്സസറികൾ എന്നിവ അടങ്ങിയിരിക്കുന്നു, ഇത് ഓയിൽ സ്ലിക്ക്. വെള്ളത്തിൽ നിന്നുള്ള സ്ലിം ഓയിൽ എന്നിവയ്ക്ക് വേണ്ടി രൂപകല്പന ചെയ്തിരിക്കുന്നു കൂടാതെ വ്യത്തിയാക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾക്കും സഹായിക്കുകയും ചെയ്യുന്നു.

എണ്ണ ചോർച്ച തടയുന്നതിനുള്ള നടപടികൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകമായി പരിശീലനം നൽകിയ ഇന്ത്യൻ കോസ്റ്റ് ഗാർഡ് (ICG) ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു 10 അംഗ സാങ്കേതിക പ്രതികരണ സേനയെ,സംഭവ സ്ഥലത്തെ അവശ്യ സാങ്കേതിക പ്രവർത്തന സഹായങ്ങൾക്കായി നിയമിച്ചിരുന്നു.

ഇന്ത്യൻ സമുദ്ര പ്രവിശ്യയിലുള്ള അയൽ രാജ്യങ്ങളിൽ അത്യാഹിതങ്ങളിൽ നിന്നുള്ള രക്ഷാപ്രവർത്തനങ്ങൾക്ക് മാനുഷികമായ സഹായം നൽകുന്നതിനുള്ള ഇന്ത്യയുടെ നയവും പ്രധാനമന്ത്രിയുടെ ദർശനവുമായ SAGAR (എല്ലാ പ്രവിശ്യകളിലുമുള്ള സുരക്ഷയും വളർച്ചയും) മൂലം നയിക്കപ്പെടുന്നതാണ്. പെട്ടന്നുള്ള സഹായം ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള അടുത്ത സൗഹൃദത്തെയാണ് പ്രതിഫലിപ്പിക്കുന്നതാണ് കൂടാതെ മൗറീഷ്യസിലുള്ള ആളുകളെ ആവശ്യാനുസരണം സഹായിക്കുന്നതിനുള്ള പ്രതിബദ്ധത പാലിക്കുകയും ചെയ്യുന്നു.

COVID-19 പകർച്ചവ്യാധിയെ തുടർന്ന് അവശ്യ മരുന്നുകളുടെ വിതരണവും,മിഷൻ സാഗറിന്റെ ഭാഗമായി  പ്രത്യേകമായി ആയുർവേദ മരുന്നുകളുടെ വിതരണവും ഉൾപ്പടെയുള്ള ഇന്ത്യയുടെ സഹായത്തിനു ശേഷമാണ് ഇത്തരത്തിലുള്ള സഹായം പ്രദാനം ചെയ്തത്.

**ന്യൂ ഡൽഹി**
**16 ഓഗസ്റ്റ്, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.